A PAW9101

# വാർഷിക മൂല്യനിർണയം 2017–18

## ആരോഗ്യ കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം

ക്ലാസ്സ്- IX

സമയം: 2 മണിക്കൂർ
ആകെ സ്കോർ:45

---

**പൊതു നിർദ്ദേശങ്ങൾ**

- ആരോഗ്യ കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം എന്നീ വിഷയങ്ങളെ 3 വിഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം. സമാശ്വാസ സമയം 15 മിനിട്ടാണ്.
- മൂന്ന് വിഭാഗത്തിന്റേയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്, റോൾനമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം.

---

## ആരോഗ്യ കായിക വിദ്യാഭ്യാസം

സമയം: 40 മിനിട്ട്
സ്കോർ: 15

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് ബ്രാക്കറ്റിൽ നിന്നും ഉത്തരമെഴുതുക. ശരിയുത്തരത്തിന് ഒരു സ്കോർ വീതം. (4 x 1 = 4)**

1. താഴെ കൊടുത്തിരിക്കുന്നവയിൽ ഹൃദയത്തിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന പേശിയേത് ?
   (പ്ലൂറൽ, കാർഡിയാക്, അബ്ഡോമിനൽ, സ്കെലിറ്റൽ)
2. ശരീരകലകളുടെ നിർമാണത്തിനാവശ്യമായ പ്രധാന പോഷകാഹാരഘടകം ഏത് ?
   (കൊഴുപ്പ്, ധാന്യകം, വിറ്റാമിൻ, മാംസ്യം )
3. ആർക്കിമിഡീസ് തത്ത്വപ്രകാരം ശരീരത്തിലെ കൊഴുപ്പ് കണ്ടുപിടിക്കുന്നതിനുള്ള ഏറ്റവും സ്വീകാര്യമായതും കൃത്യതയേറിയതുമായ മാർഗമാണ് ..............................?
   ( സ്കിൻഫോൾഡ് ടെസ്റ്റ്, ഹാവാർഡ് സ്റ്റെപ്പ് ടെസ്റ്റ്, അണ്ടർ വാട്ടർ വെയിങ്, ബീപ് ടെസ്റ്റ് )
4. ശരീരത്തിനാവശ്യമായ ഊർജത്തിന്റെ പ്രധാന ഉറവിടം ഏത് ?
   ( ധാന്യകം, കൊഴുപ്പ്, വിറ്റാമിൻ, ധാതുക്കൾ )

**5 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ഒരു ശരിയുത്തരത്തിന് 2 സ്കോർ വീതം. ( 4 X 2 = 8 )**

5. പുകവലി മൂലം ഉണ്ടാകാവുന്ന നാല് ആരോഗ്യപ്രശ്നങ്ങൾ ഏതെല്ലാം?

6. ആരോഗ്യപൂർണമായ പ്രായമേറലിനാവശ്യമായ നാല് ജീവിതരീതി ഘടകങ്ങൾ ഏതൊക്കെ ?
7. പൊണ്ണത്തടി (Obesity) എന്നാൽ എന്ത് ?
8. 'ഹു ഈസ് മിസ്സിംഗ്' എന്ന കളിയിലൂടെ നമുക്ക് ലഭിക്കുന്ന സാമൂഹിക മൂല്യങ്ങൾ ഏതൊക്കെ ?
9. പോഷകാഹാരം എന്നാൽ എന്ത് ?

**10, 11 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് 3 സ്കോർ.** **( 1 X 3 = 3)**

10. കമ്പ്യൂട്ടർ, മൊബൈൽഫോൺ എന്നിവയുടെ അമിതമായ ഉപയോഗംമൂലം ഉണ്ടാകുന്ന ശാരീരിക മാനസിക പ്രശ്നങ്ങൾ വിവരിക്കുക.
11. കായികപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ ഭക്ഷണ രീതിയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?

---

## കലാവിദ്യാഭ്യാസം

**സമയം: 40 മിനിട്ട്**
**സ്കോർ: 15**

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ശരിയുത്തരത്തിന് ഒരു സ്കോർ വീതം.** **(4 X 1 = 4)**

1. ഗസൽ എന്ന പദം ഏത് സംഗീത ശാഖയുമായി ബന്ധപ്പെട്ടിരിക്കുന്നു.
(പാശ്ചാത്യസംഗീതം, സോപാനസംഗീതം, കർണ്ണാടകസംഗീതം, ഹിന്ദുസ്ഥാനിസംഗീതം)
2. ചിത്രത്തിന് ത്രിമാനത തോന്നിക്കാൻ സ്വീകരിക്കേണ്ട രചനാരീതി ഏത്?
(ഡ്രോയിംഗ്, ഷേഡിംഗ്, ട്രേസിംഗ്, സ്ക്രാച്ചിംഗ് )
3. ആശയ വിനിമയത്തിന് നേരിട്ട് സാധ്യതകളില്ലാത്തതും താളാത്മകവുമായ അംഗചലനങ്ങളാണ്.................
(നൃത്തം, നൃത്യം, നാട്യം, അഭിനയം)
4. ചതുർവിധാഭിനയത്തിൽ ശരീരഭാഷ ഉപയോഗിച്ച് ആവിഷ്ക്കരിക്കുന്ന അഭിനയ രീതി ഏത്?
(വാചികം, ആംഗികം, സാത്വികം, ആഹാര്യം )

**സംഗീതം, ചിത്രകല, നൃത്തം, നാടകം എന്നീ മേഖലകളിൽ നിന്നാണ് 5 മുതൽ 12 വരെയുള്ള ചോദ്യങ്ങൾ. ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് 3 സ്കോർ വീതം.** **(2 X 3 = 6)**

5. കർണ്ണാടക സംഗീതത്തെ കുറിച്ച് ലഘു കുറിപ്പ് തയ്യാറാക്കുക.
6. ലോകപ്രശസ്ത ചിത്രകാരനായ വിൻസെന്റ് വാൻഗോഗിന്റെ ചിത്രങ്ങളെക്കുറിച്ചുള്ള കുറിപ്പ് തയ്യാറാക്കുമ്പോൾ താഴെ കൊടുത്തിരിക്കുന്ന ഏതൊക്കെ ചിത്രങ്ങളാണ് തെരഞ്ഞെടുക്കുക.
(ലാസ്റ്റ്സപ്പർ, ഉരുളക്കിഴങ്ങ് തിന്നുന്നവർ, മൊണാലിസ, സൂര്യകാന്തിപ്പൂക്കൾ, ഗർണിക്ക, ഗോതമ്പുപാടത്തെ കാക്കകൾ)

7. അഭിനയത്തിന് പ്രാധാന്യമുള്ളതും ചുവടുകൾക്ക് പ്രാധാന്യം കുറഞ്ഞതുമായ മൂന്നു നൃത്ത ഇനങ്ങൾ എഴുതുക.
8. ക്ലാസ്സിൽ മറ്റൊരു ഗ്രൂപ്പ് അവതരിപ്പിക്കുന്ന നാടകം വിലയിരുത്താൻ നാടകത്തിന്റെ ഏതൊക്കെ ഘടകങ്ങളാണ് നിങ്ങൾ പരിഗണിക്കുക.?
9. നിങ്ങൾക്കറിയാവുന്ന ഏതെങ്കിലും ഒരു ദേശഭക്തിഗാനത്തിന്റെ നാലു വരികൾ എഴുതുക.
10. താഴെ കൊടുത്തിരിക്കുന്ന ലിസ്റ്റിൽ നിന്നും കാർട്ടൂണിസ്റ്റുകളെ തെരഞ്ഞെടുത്തെഴുതുക.
(യേശുദാസൻ, തകഴി, ഗോപീകൃഷ്ണൻ, കേശവദേവ്, വൈലോപ്പിള്ളി, സുജിത്ത്)
11. ഒരു ഗാനത്തിന് ദൃശ്യാവിഷ്ക്കാരം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എഴുതുക.
12. "സ്കൂളിലെ ഒരു ദിവസം" എന്ന ലഘു ഡോക്യുമെന്ററി നിർമ്മിക്കണമെന്നിരിക്കട്ടെ. ഏതെല്ലാം ദൃശ്യങ്ങൾ നിങ്ങൾ ചിത്രീകരിക്കും?

**13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് 5 സ്കോർ. (1 x 5 = 5)**

13. സ്കൂളിൽ വിവിധ ദിനാചരണങ്ങളും ആഘോഷങ്ങളും നടത്താറുണ്ട്. നിങ്ങൾക്കറിയാവുന്ന അഞ്ച് ദിനാചരണങ്ങളുടെ പേരും അവയ്ക്കോരൊന്നിനും അനുയോജ്യമായ പാട്ടിന്റെ ആദ്യ വരിയും എഴുതുക.
14. ഇന്ത്യയിലെ പ്രധാനപ്പെട്ട കലാ പ്രസ്ഥാനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വായിച്ച് താഴെയുള്ള പട്ടിക പൂർത്തിയാക്കു...

**ഇന്ത്യയിലെ കലാപ്രസ്ഥാനങ്ങൾ**

സമകാലീന ഇന്ത്യൻ കലാപ്രസ്ഥാനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് മൂന്നെണ്ണമാണ്. ബംഗാൾ കേന്ദ്രമാക്കി പ്രവർത്തിച്ച ബംഗാൾ സ്കൂൾ ഓഫ് പെയിന്റിംഗ്, ബോംബെയിലെ ബോംബെ പ്രോഗ്രസീവ് പെയിന്റേഴ്സ്, മദ്രാസ് ആസ്ഥാനമാക്കി മദ്രാസ് സ്കൂൾ ഓഫ് ആർട്ട്. കടുത്ത ദേശീയ വാദികളായിരുന്നു ബംഗാൾ സ്കൂൾ ചിത്രകാരന്മാർ. പാശ്ചാത്യ രചനാരീതികളെ തിരസ്കരിക്കുകയും തനത് നാടൻ കലയിൽനിന്ന് ഊർജ്ജമുൾക്കൊള്ളുകയും ചെയ്തു അവർ. അബനീന്ദ്രനാഥ ടാഗോറായിരുന്നു ഇവരുടെ അമരക്കാരൻ. നന്ദലാൽ ബോസ്, ജാമിനി റോയ്, രാംകിങ്കർ ബെയ്ജ് എന്നിവർ പ്രധാനികൾ. ബോംബെ ആസ്ഥാനമാക്കി എം.എഫ്.ഹുസൈൻ, എസ്.എച്ച്.റാസ, എഫ്.എൻ.സൂസ, കെ.എച്ച്.ആര, എന്നിവർ രൂപം കൊടുത്ത കലാപ്രസ്ഥാനമായിരുന്നു ബോംബെ പോഗ്രസീവ് പെയിന്റേഴ്സ്. കിഷൻ ഖന്ന, വി.എസ്.ഗയ്റ്റോണ്ടേ എന്നിവരും ഇവരോടൊപ്പമുണ്ടായിരുന്നു. പാശ്ചാത്യ രചാനാരീതികളോട് ഇവർ ആഭിമുഖ്യം പുലർത്തിയിരുന്നു. ദക്ഷിണേന്ത്യയിൽ ആധുനിക കലയുടെ പതാകാവാഹകരായത് കെ.സി.എസ്. പണിക്കർ രൂപം നൽകിയ മദ്രാസ് സ്കൂൾ ആയിരുന്നു. റെഡ്യപ്പ നായിഡു, എം.വി.ദേവൻ, ടികെ.പദ്മിനി, നമ്പൂതിരി, സി.എൻ.കരുണാകരൻ, എസ്.ജി.വാസുദേവ് എന്നിവർ ഇതിൽ പ്രമുഖർ.

a) ബംഗാൾ സ്കൂൾ

1) നന്ദലാൽ ബോസ് 2) .................................. 3)..................................

b) മദ്രാസ് സ്കൂൾ

1) കെ സി എസ് പണിക്കർ 2) .................................. 3)..................................

C) ബോംബെ പ്രോഗ്രസീവ് ഗ്രൂപ്പ്

1) എം എഫ് ഹുസൈൻ 2) .................................. 3)..................................

15. ലോകധർമ്മി , നാട്യധർമ്മി എന്നിവയെക്കുറിച്ച് കുറിപ്പെഴുതുക.

16. സ്കൂളിൽ ഒരു ചലച്ചിത്രമേള സംഘടിപ്പിക്കാനാവശ്യമായ നിർദ്ദേശങ്ങൾ എഴുതുക.

---

## പ്രവൃത്തിപരിചയം

സമയം: 40 മിനിട്ട്
സ്കോർ: 15

**1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക. ഓരോന്നിനും ഒരു സ്കോർ വീതം.** **(4 x 1 = 4 )**

1) ഏത് തുണി ഉപയോഗിച്ചാണ് സ്റ്റഫ്ഡ് ടോയ് നിർമ്മിക്കുന്നത്?
(സിൽക്ക്, കമ്പിളി, ഫർ ക്ലോത്ത്, കോട്ടൺ)

2) താഴെ കൊടുത്തിരിക്കുന്നവയിൽ ഔഷധസസ്യം ഏത്?
(യൂഫോർബിയ, കൊടങ്ങൽ, ബൊഗയിൻവില്ല, പായൽ)

3) സോൾഡറിംഗ് ചെയ്യുന്നതിനുപയോഗിക്കുന്ന ഉപകരണത്തിന്റെ പേരെന്ത് ?
( റെസിസ്റ്റർ, മൾട്ടിമീറ്റർ, സോൾഡറിംഗ് അയൺ, വോൾട്ട്മീറ്റർ)

4) സ്ട്രോബോർഡു കൊണ്ട് ക്ലാസ്സ്റൂമിൽ നിർമ്മിച്ച ഒരു പഠനോപകരണം ഏത്?
(ജ്യാമിതീയരൂപങ്ങൾ, ഫ്ളോചാർട്ട്, ഓഫീസ്ഫയൽ, ഫ്ളെക്സിഫയൽ)

**5 മുതൽ 8 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന്റെ ഉത്തരം എഴുതുക. ഓരോന്നിനും രണ്ട് സ്കോർ വീതം.** **(2 x 2 = 4)**

5) ഓഫീസ്ഫയൽ നിർമ്മാണത്തിൽ കാലിക്കോയുടെ ഉപയോഗം എന്ത്?

6) ചിരട്ടയുടെ പ്രതലം മിനുക്കി പോളിഷ് ചെയ്യുന്ന പ്രക്രിയ വിവരിക്കുക?

7) ഇലക്ട്രിക്കൽ ഉപകരണങ്ങളിൽ കപ്പാസിറ്ററിന്റെ ഉപയോഗം എന്ത്?

8) ഫാബ്രിക്ക് പെയിന്റിംഗിനുപയോഗിക്കുന്ന രണ്ട് ദ്വിതീയ വർണ്ണങ്ങൾ ഏതൊക്കെ?

**9, 10 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന്റെ ഉത്തരം എഴുതുക: സ്കോർ മൂന്ന്** **(1 x 3 = 3)**

9) കുളിക്കാനുപയോഗിക്കുന്ന സോപ്പുനിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ഏവ?

10) വൈദ്യുതവയറിംഗിൽ ഫ്യൂസിന്റെ ഉപയോഗം എന്ത്?

**11, 12 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന്റെ ഉത്തരം എഴുതുക: നാല് സ്കോർ** **(1 x 4 = 4)**

11) പൈനാപ്പിൾ സംസ്കരണരീതികളിൽ ഏതെങ്കിലും ഒരെണ്ണം വിവരിക്കുക.?

12) ബാത്ത്റൂം ലോഷൻ നിർമ്മിച്ചതിന്റെ വർക്ക് ഡയറി തയ്യാറാക്കുക?